368
25/03/2023

കേരള സർക്കാർ

നമ്പർ സി1/198/2022/സാം.കാ.വ

സാംസ്കാരിക കാര്യ (സി) വകുപ്പ്
തിരുവനന്തപുരം, 24/03/2023

സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

സർ,

വിഷയം :- സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഭരണ സമിതി യോഗത്തിന്റെ മിനിറ്റ്സ് സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന:- താങ്കളുടെ 22.12.2022 ലെ 340/ഇ 3/2022/എസ്.ഐ.ഇ.പി നമ്പർ കത്ത്

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2023 ജനുവരി 09- ന് ഓൺലൈനായി കൂടിയ കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയുടെ യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ ശരിപകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

25/3/2023

വിശ്വസ്തതയോടെ,
പ്രമോദ്.വി.ആർ
ഡെപ്യൂട്ടി സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്
## തിരുവനന്തപുരം

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 09/01/2023 വൈകുന്നേരം 3.30 മണിക്ക് ഓൺലൈനായി കൂടിയ കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി യോഗത്തിന്റെ മിനിട്ട്സ്

<u>പങ്കെടുത്തവർ</u>

1. ശ്രീ.പിണറായി വിജയൻ, ബഹു. മുഖ്യമന്ത്രി (ചെയർമാൻ)
2. ശ്രീ.സജി ചെറിയാൻ, ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി (വൈസ് ചെയർമാൻ)
3. ശ്രീമതി.റാണി ജോർജ് IAS, പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്
4. ഡോ.മ്യൂസ് മേരി ജോർജ് (ഡയറക്ടർ ആന്റ് മെമ്പർ സെക്രട്ടറി)
5. ശ്രീ.എ.മധുസൂദനൻ നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ഡോ.കെ.എസ്.രവികുമാർ (അനൗദ്യോഗിക അംഗം)
7. ഡോ. എ.കെ അബ്ദുൾ ഹക്കിം (അനൗദ്യോഗിക അംഗം)
8. ശ്രീ .ജോൺ എം. ഇട്ടി (അനൗദ്യോഗിക അംഗം)
9. ഡോ. അജയ് എസ്. ശേഖർ (അനൗദ്യോഗിക അംഗം)
10. ഡോ.സന്തോഷ് തോമസ് (അനൗദ്യോഗിക അംഗം)
11. പ്രൊഫ.വി.എൻ.മുരളി (അനൗദ്യോഗിക അംഗം)
12. ശ്രീമതി. ബിച്ചു എക്സ് മലയിൽ (അനൗദ്യോഗിക അംഗം)

താഴെ രേഖപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

അജണ്ട

| ഐറ്റം നമ്പർ | തീരുമാനിക്കേണ്ട സംഗതി | തീരുമാനങ്ങൾ |
|---|---|---|
| 1 | പ്രവർത്തന റിപ്പോർട്ട് | അംഗീകരിച്ചു |
| 2 | 08/06/2022-ലെ ഭരണസമിതി യോഗ തീരുമാനങ്ങളുടെ തുടർ നടപടികൾ സംബന്ധിച്ച്. | അംഗീകരിച്ചു |
| 3 | 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസൽ (പദ്ധതിയിനം, പദ്ധതിയേതരയിനം) അംഗീകരിക്കുന്നതു സംബന്ധിച്ച്.(പ്രൊപ്പോസൽ അനുബന്ധം). | സാധൂകരിച്ചു |
| 4 | i) കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണസമിതി 06/06/2022-ലെ സ.ഉ(സാധാ)358/2022/സാം.ക.വ. നമ്പർ ഉത്തരവ് പ്രകാരം പുന:സംഘടിപ്പിക്കപ്പെട്ട സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ MOA റൂൾ 11 (6) പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റിയും പുന:സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.<br>ii) സ്റ്റാന്റിംഗ് കമ്മിറ്റി പുന:സംഘടിപ്പിക്കുകയാണെങ്കിൽ ഉൾപ്പെടുത്തേണ്ട അനൗദ്യോഗിക അംഗങ്ങൾ ആരൊക്കെയാണെന്ന് തീരുമാനിച്ചു നൽകുന്നത് - സംബന്ധിച്ച്. | അടുത്ത ഭരണസമിതി യോഗത്തിൽ പരിഗണിക്കാനായി മാറ്റി വച്ചു. |
| 5 | വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പി ക്കുന്ന വിജ്ഞാനോത്സവം പരിപാടിയുടെ പ്രവർത്തന പുരോഗതി ഭരണസമിതി മുമ്പാകെ അറിയിക്കുന്നത് - സംബന്ധിച്ച്. (റിപ്പോർട്ട് അനുബന്ധം) | സാധൂകരിച്ചു |
| 6 | വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന വിജ്ഞാനോത്സവവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ക്വിസ് മത്സരത്തിന്റെ പ്രവർത്തന പുരോഗതി ഭരണസമിതി മുമ്പാകെ | സാധൂകരിച്ചു |

| | | |
|---|---|---|
| | അറിയിക്കുന്നത് - സംബന്ധിച്ച്. | |
| 7 | ഐ.എം.ജി അറിയിച്ച പ്രകാരം 3 ലക്ഷം രൂപയും ജി എസ് ടി യും ചെലവ് ചെയ്ത് ഇൻസ്റ്റിറ്റ്യൂട്ടിനെ വിജ്ഞാന കേന്ദ്രമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഐ.എം.ജി ക്ക് അനുമതി നൽകുന്നത് - സംബന്ധിച്ച്. | ഐ.എം.ജിയുടെ പ്രൊപ്പോസൽ അംഗീകരിച്ചു. റിപ്പോർട്ട് തയ്യാറാക്കാൻ ഐ.എം.ജി -യെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. |
| 8 | പ്രിന്റിംഗ് കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതും അംഗങ്ങളെ തീരുമാനിക്കുന്നതും - സംബന്ധിച്ച് | ഭരണസമിതിയിലെ അംഗവും നിലവിൽ പ്രിന്റിംഗ് കമ്മിറ്റി അംഗവുമായ ഡോ.കെ.എസ്. രവികുമാറിനെ അംഗമായി നിലനിർത്തി തുടരാൻ തീരുമാനിച്ചു. |
| 9 | ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറി ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ റഫറൻസ് ലൈബ്രറിയായി ഉപയോഗപ്പെടുത്തുന്നതിന് സമ്മതമാണെന്ന് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി അറിയിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കുവാൻ ഡയറക്ടറെ ചുമതലപ്പെടുത്തുന്നത് - സംബന്ധിച്ച്. | അനുമതി നൽകി. |
| 10 | സഹകരണ ഭവൻ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ മുൻവശത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റേതായി ഒരു വില്പനശാല പ്രവർത്തിക്കുന്നതിന് അനുമതി സംബന്ധിച്ച്. | സഹകരണ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. |
| 11 | കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് - സഹകരണ ഭവൻ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലെ ബേസ്മെന്റ് ഫ്ളോറിൽ 2000 സ്ക്വ.ഫീ സ്ഥലം വാടകയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗോഡൗൺ പ്രവർത്തിക്കുന്നതിന് അനുമതി - സംബന്ധിച്ച്. | സഹകരണ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.. |
| 12 | ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വാല്യങ്ങളുടെ അച്ചടി ഗവ. പ്രസ്സിനെ കൂടാതെ 30/05/2000-ലെ | ഗവ. പ്രസ്സ് ഒഴികെയുള്ള കേരള ബുക്സ് & പബ്ളിക്കേഷൻസ് |

| | | |
|---|---|---|
| | ജിഒ(ആർടി) നമ്പർ.190/2000/സിഎഡി നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രസ്സുകാരെ കൂടി ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച് (അനുബന്ധം) | സൊസൈറ്റി,സി ആപ്റ്റ് എന്നീ സ്ഥാപനങ്ങളുമായിക്കൂടി ചർച്ച ചെയ്ത് അച്ചടി ഏൽപ്പിക്കുന്നത് പരിശോധിക്കാൻ ഡയറക്ടറെ ചുമതലപ്പെടുത്തിയും 30/05/2000-ലെ ജിഒ(ആർടി) നമ്പർ.190/2000/സിഎഡി നമ്പർ ഉത്തരവ് പ്രകാരമുള്ള അച്ചടി സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ അനുമതി നേടുന്നതിന് നിർദ്ദേശിച്ചു. |
| 13 | ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ഡയറക്ടർക്ക് അനുമതി നൽകുന്നത്- സംബന്ധിച്ച്. | അനുമതി നൽകി. |
| 14 | റിവോൾവിംഗ് ഫണ്ട് ചട്ടങ്ങളിലെ 6(ബി) വ്യവസ്ഥ നിലനിർത്തുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനത് ഫണ്ടായ റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനായി പര്യാപ്തമായ തുക സർക്കാർ ധനസഹായമായി പദ്ധതിയേതരയിനത്തിൽ അനുവദിക്കുന്നതിനും- സംബന്ധിച്ച്. | റിവോൾവിംഗ് ഫണ്ട് ചട്ടങ്ങളിലെ 6(ബി) വ്യവസ്ഥ നിലനിർത്തണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും നോൺ പ്ലാൻ ഫണ്ടിൽ സർക്കാർ ധനസഹായം ലഭിക്കുന്നതിന് ധനവകുപ്പിന് പ്രൊപ്പോസൽ നൽകുന്നതിനും തീരുമാനിച്ചു. |
| 15 | ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് സംഘടിപ്പിക്കുന്ന വിവിധ പ്രോഗ്രാമുകൾക്ക് നിയോഗിക്കപ്പെടുന്ന കരാർ ജീവനക്കാർക്ക് അർഹമായ യാത്രാപ്പടി അനുവദിച്ച് നൽകുന്ന ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച് | സാധൂകരിച്ചു. ഇക്കാര്യത്തിൽ ഇനിമുതൽ ധനകാര്യവകുപ്പിന്റെ മുൻകൂർ അനുമതി തേടാനും തീരുമാനിച്ചു. |
| 16 | ഇൻസ്റ്റിറ്റ്യൂട്ട് സർവവിജ്ഞാനകോശം വാല്യങ്ങൾക്കുള്ള ലേഖനങ്ങൾ ഡിജിറ്റലായി തയ്യാറാക്കുന്നതിന്റെ ആവശ്യത്തിനായി 6 ടാബുകൾ | സ്റ്റോർ പർച്ചേഴ്സ് മാനുവലിലെ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങു |

| | | |
|---|---|---|
| | വാങ്ങുന്നതിനുള്ള അനുമതി - സംബന്ധിച്ച്. | ന്നതിന് തീരുമാനിച്ചു. |
| 17 | കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിക്കുന്ന ശില്പശാലകളിലും സെമിനാറുകളിലും പ്രഭാഷകരായി എത്തുന്ന അക്കാദമിക വ്യക്തിത്വങ്ങൾക്ക് യാത്രാ ചെലവിന് പുറമേ ഓണറേറിയമായി 1000/- രൂപയിൽ നിന്നും 2500/- രൂപയായി ഉയർത്തി അനുവദിച്ച നടപടി സാധൂകരിക്കുന്നത് -സംബന്ധിച്ച്. | സാധൂകരിച്ചു. |
| 18 | കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ വീഡിയോ കോൺഫറൻസിങ് സംവിധാനം സ്ഥാപിക്കുന്നതിന് കരാർ പ്രകാരം 50% ആയ 1,37,331/- രൂപ കെൽട്രോണിന് അഡ്വാൻസായി അനുവദിച്ച നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. | സാധൂകരിച്ചു |
| 19 | കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന സർവവിജ്ഞാനകോശം 19-ാം വാല്യത്തിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് 29/7/2022-ന് ഗവ. ഗസ്റ്റ് ഹൗസിന്റെ കോൺഫറൻസ് ഹാളിൽ വച്ച് സംഘടിപ്പിച്ച ശില്പശാലയ്ക്ക് 53,918/-രൂപ (Rs.29000/- + Rs.17102/-+ Rs.3020/- +Rs.4790/-) (അൻപത്തിമൂന്നായിരത്തി തൊള്ളായിരത്തി പതിനെട്ട് രൂപ മാത്രം) ചെലവഴിച്ച നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. | സാധൂകരിച്ചു |
| 20 | കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന സർവ്വവിജ്ഞാനകോശം 20-ാം വാല്യത്തിന്റെ പ്രസിദ്ധീകരണത്തിന്റെ ഭാഗമായി 26/8/2022-ന് ഗവ. ഗസ്റ്റ് ഹൗസിന്റെ കോൺഫറൻസ് ഹാളിൽ വച്ച് 58,813/-രൂപ (അൻപത്തിയെണ്ണായിരത്തി എണ്ണൂറ്റി പതിമൂന്ന് രൂപ മാത്രം) (Rs.27,235/-+ Rs.31,578/-) ചെലവ് ചെയ്ത് ശില്പശാല സംഘടിപ്പിച്ചത് സാധൂകരിക്കുന്നത് - സംബന്ധിച്ച്. | സാധൂകരിച്ചു |
| 21 | കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിലെ ഔദ്യോഗിക വാഹനമായ KL-01 BH-7144-ാം നമ്പർ ഫോർഡ് ഫിയസ്റ്റ കാറിന്റെ | സാധൂകരിച്ചു |

| | | |
|---|---|---|
| | പെയിന്റിംഗിനും (പിഡബ്ല്യൂഡി മെക്കാനിക്കൽ ഡിവിഷന്റെ അംഗീകാരത്തോടെ) അനുബന്ധ അറ്റകുറ്റപ്പണികൾക്കും സർവ്വീസിങ്ങിനുമായി ആകെ 33,146/- രൂപ ചെലവഴിച്ച ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്-സംബന്ധിച്ച് | |
| 22 | ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി സർക്കാർ ഉത്തരവായതിനെതുടർന്ന് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും പരിഷ്ക്കരിച്ച് നൽകിയത് സാധൂകരിക്കുന്നത് - സംബന്ധിച്ച്. | സാധൂകരിച്ചു. കുടിശ്ശിക നൽകുന്നതിന് ധനസഹായത്തിനായി ധനകാര്യവകുപ്പുമായി ബന്ധപ്പെടാൻ തീരുമാനിച്ചു. |
| 23 | ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള 'ആസാദി കാ അമൃത്' മഹോത്സവത്തിന്റെ ഭാഗമായി 2022 ആഗസ്റ്റ് 25 ന് ഗവ.വിമൻസ് കോളേജിൽ വച്ച് കേരള സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് 62,459/- രൂപ ചെലവഴിച്ച് ഒരു ചരിത്ര സെമിനാർ സംഘടിപ്പിച്ചതിന് സാധൂകരണം നൽകുന്നത് സംബന്ധിച്ച്. | സാധൂകരിച്ചു |
| 24 | ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച സർവവിജ്ഞാനകോശം 18-ാം വാല്യം അച്ചടിക്കുന്നതിന് സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിന് സ്റ്റേഷനറി കൺട്രോളർക്ക് 26,18,000/- രൂപയുടെ ഭരണാനുമതി നൽകിയതും 21,84,527/- രൂപ അനുവദിച്ച് നൽകിയതും സാധൂകരിക്കുന്നത് - സംബന്ധിച്ച് | സാധൂകരിച്ചു |
| 25 | 8/6/2022-ലെ ഭരണസമിതിയോഗ തീരുമാനം നമ്പർ 25 - നിയമവിജ്ഞാനകോശം വാല്യത്തിന്റെ അച്ചടിക്കൂലി, സ്റ്റേഷനറി സാധനങ്ങളുടെ വില എന്നിവ അനുവദിച്ചത് ചട്ടപ്രകാരമാണോ എന്ന് പരിശോധിച്ച് മറുപടി നൽകുന്നത് - സംബന്ധിച്ച് (അനുബന്ധം) | സാധൂകരിച്ചു |
| 26 | സർവവിജ്ഞാനകോശം വാല്യങ്ങളുടെ വിൽപ്പന ത്വരിതപ്പെടുത്തുന്നതിനായി 1 മുതൽ 10 വരെ സർവവിജ്ഞാനകോശം വാല്യങ്ങൾക്ക് നിലവിൽ നല്കിവരുന്ന 50% ഡിസ്ക്കൗണ്ടിൽ നിന്നും | അംഗീകരിച്ചു ടി വിഷയത്തിൽ വകുപ്പു മന്ത്രിയുമായി ചർച്ച ചെയ്യുന്നതിന് നിർദ്ദേശിച്ചു. |

| | | |
|---|---|---|
| | ഉയർത്തി ടി വാല്യങ്ങൾക്ക് 60% ഡിസ്ക്കൗണ്ട് അനുവദിക്കുന്നത് സംബന്ധിച്ച്. | |
| 27 | വയലാർ രാമവർമ്മ സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ പുസ്തക പ്രദർശനത്തിൽ പങ്കെടുത്ത കരാർ /ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 12/8/2022-ലെ 451/ഡി2/2022/എസ്.ഐ.ഇ.പി നമ്പർ ഉത്തരവ് പ്രകാരം ദിവസക്കൂലിയുടെ പകുതി തുക അനുവദിച്ച ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. | സാധൂകരിച്ചു |
| 28 | ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങൾ സാംസ്കാരിക ഉന്നതസമിതി റഫറൻസ് ലൈബ്രറിയ്ക്ക് സൗജന്യമായി നല്കിയതും, നിയമവിജ്ഞാനകോശം ഉപദേശക സമിതി അംഗങ്ങൾക്ക് സൗജന്യമായി നല്കിയ നടപടികളും സാധൂകരിക്കുന്നത് - സംബന്ധിച്ച്. | സാധൂകരിച്ചു |
| 29 | 08/06/2022-നു ഭരണസമിതി യോഗത്തിനുശേഷം ഈ കാര്യാലയത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിവോൾവിംഗ് ഫണ്ടിൽ നിന്നും 67 ലക്ഷം രൂപ കടമെടുത്തത് സാധൂകരിക്കുന്നത് - സംബന്ധിച്ച് | സാധൂകരിച്ചു<br>ഇൻസ്റ്റിറ്റ്യൂട്ടിന്റെ മോശമായ സാമ്പത്തിക സ്ഥിതി ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നിർദ്ദേശിച്ചു. |
| 30 | Out of Ajenda-1<br>ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ യുട്യൂബ് ചാനൽ പ്രവർത്തനങ്ങൾക്കായി സബ് എഡിറ്റർ ഗ്രേഡ് II - ലെ ഒരു തസ്തിക redesignate ചെയ്ത് ഓൺലൈൻ കോപ്പി എഡിറ്റർ തസ്തികയായി മാറ്റുന്നതിനും സർക്കാരിൽ നിന്നും redesignate ചെയ്ത് ഉത്തരവ് ലഭിക്കുന്നതുവരെ ടി തസ്തികയിലെ ജോലി outsource ചെയ്യുന്നതിനുള്ള അനുമതി നൽകാമോ- സംബന്ധിച്ച്. | സർക്കാരിന്റെ അനുമതി ആവശ്യപ്പെടാവുന്നതാണ്. |
| 31 | Out of Ajenda-2 | |

| | | |
|---|---|---|
| | ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന അക്കാദമിക്ക് ജേണലിന്റെ പ്രവർത്തനങ്ങൾക്കായി ഒരു കൾസൾട്ടന്റ് എഡിറ്ററെ outsource ചെയ്യുനന്നതിനും, നടപ്പ് സാമ്പത്തിക വർഷം (2022-23) പദ്ധതിയിനത്തിൽ വിജ്ഞാനോത്സവത്തിനായി അനുവദിച്ച തുകയിൽ നിന്നും വിജ്ഞാനോത്സവത്തിന്റെ ഭാഗമായ വൈജ്ഞാനികം ജേണലിന്റെ ആദ്യ ലക്കം പ്രസിദ്ധീകരിക്കുന്നതിനും outsource ചെയ്ത കൾസൾട്ടന്റ് എഡിറ്ററുടെ പ്രതിഫലത്തുക നിശ്ചയിച്ച് നൽകുന്നതിനും ഡയറക്ടറെ ചുമതലപ്പെടുത്താമോ - സംബന്ധിച്ച്. | സർക്കാരിന്റെ അനുമതി ആവശ്യപ്പെടാവുന്നതാണ്. ✓ |

**യോഗം വൈകുന്നേരം 4.30 മണിക്ക് അവസാനിച്ചു.**

**ശ്രീ. പിണറായി വിജയൻ, ബഹു. മുഖ്യമന്ത്രി (ചെയർമാൻ)**

18/1/23

**ശ്രീ. സജി ചെറിയാൻ, ബഹു. സാംസ്കാരികകാര്യ വകുപ്പ് മന്ത്രി**
**(വൈസ് ചെയർമാൻ)**

**ഡോ. മ്യൂസ് മേരി ജോർജ് (ഡയറക്ടർ ആന്റ് മെമ്പർ സെക്രട്ടറി)**